**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5400** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഏവിയേഷൻ കോഴ്സുകൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | അന്തർദ്ദേശീയ തലത്തിൽ തൊഴിൽ സാധ്യതയുള്ള ഏവിയേഷൻ കോഴ്സുകൾക്കായി പുതിയ പഠന കേന്ദ്രങ്ങളും സ്ഥാപനങ്ങളും തുടങ്ങാൻ നടപടിയുണ്ടാകുമോ; | (എ) | സംസ്ഥാനത്ത് കേരള സർക്കാരിന് കീഴിലുള്ള ഏക പൈലറ്റ് പരിശീലന സ്ഥാപനമാണ് രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ അംഗീകാരത്തോട് കൂടിയാണ് അക്കാദമി പ്രവർത്തിക്കുന്നത്. കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് (CPL) നേടുന്നതിന് ആവശ്യമായ ഗ്രൗണ്ട് ക്ലാസ്സ് പരിശീലനം, പറക്കൽ പരിശീലനം എന്നിവ ഏറ്റവും മികച്ച രീതിയിൽ പൈലറ്റ് ട്രെയിനികൾക്ക് ലഭ്യമാക്കുന്നു. ഇതിന് പുറമെ പ്രൈവറ്റ് പൈലറ്റ് ലൈസൻസ് (PPL), ഫോറിൻ ലൈസൻസ് കൺവേർഷൻ, ലൈസൻസ് റിന്യൂവൽ, ഏയ്റോനോട്ടിക്കൽ എൻജിനീയറിംഗ്/ എയർ ക്രാഫ്റ്റ് മെയിന്റനൻസ് എൻജിനീയറിംഗ് ബിരുദധാരികൾക്ക് സാങ്കേതിക പരിശീലനം തുടങ്ങിയ സൗകര്യങ്ങളും അക്കാദമി ചെയ്തുവരുന്നു. ഏയ്റോനോട്ടിക്കൽ സയൻസ് & ടെക്നോളജി എന്ന വിഷയം അടിസ്ഥാനമാക്കി ഒരു എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കുക എന്നത് അക്കാദമിയുടെ ഭാവി ലക്ഷ്യമാണ്. |
| (ബി) | പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസി മുന്നോട്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | അന്തർദ്ദേശീയ തലത്തിൽ തൊഴിൽ സാധ്യതയുള്ള ഏവിയേഷൻ കോഴ്സുകൾ തുടങ്ങുന്നതിന് ഏജൻസികളൊന്നും തന്നെ രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയെ സമീപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ